കൂടക്കാൻ പാടില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അതിന് വീണ്ടും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) തൃശൂരിലെ ഹിന്ദുസ്ഥാൻ ഫൗണ്ടറി പ്രോഡക്ട്സിലെ തൊഴിൽ സമരം.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, തൃശൂരിൽ പൂത്തോളിലുള്ള ഒരു എഞ്ചിനീയറിംഗ് ഫാക്ടറിയായ ഹിന്ദുസ്ഥാൻ ഫൗണ്ടറി പ്രോഡക്ടിലെ തൊഴിലാളികളും ഈ കഴിഞ്ഞ . ആഗസ്റ്റ് 26-ാം തീയതി മുതൽ പണിമുടക്കിലാണ്. കഴിഞ്ഞവർഷം $24\frac{1}{4}$ ശതമാനം ബോണസ് കൊടുത്ത സ്ഥാനത്ത് ഈ വർഷം ഓണത്തിന് മിനിമം ബോണസിൽ കൂടുതൽ കൊടുക്കുകയില്ല എന്നു ശഠിച്ചതിനെത്തുടർന്നാണ് പണിമുടക്കാരംഭിച്ചത്. ആ പണിമുടക്ക് അനിശ്ചിതമായി നീണ്ടു പോയ സാഹചര്യത്തിൽ ഈ കഴിഞ്ഞ 16-ാം തീയതി മുതൽ അവിടത്തെ തൊഴിലാളികളും സത്യാഗ്രഹമനുഷ്ഠിച്ചു. ഈ കമ്പനിയുടെ ഒരു സെയിൽസ് ഓഫീസ് തൃശൂർ ടൗണിൽ മയിലിപ്പാടം റോഡിലുണ്ട്. ആ സെയിൽസ് ഓഫീസിന്റെ മുമ്പിൽ 16-ാം തീയതി മുതൽ സത്യാഗ്രഹമാരംഭിച്ചു. 17-ാം തീയതി സത്യാഗ്രഹം രണ്ടാം ദിവസം തുടർന്നപ്പോൾ അന്ന് സത്യാഗ്രഹമനുഷ്ഠിച്ചിരുന്ന പത്തു തൊഴിലാളികളെ ടൗൺ ഈസ്റ്റ് പോലീസ് അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. സ്റ്റേഷനിൽ കൊണ്ടുവരുമ്പോൾ ആ കമ്പനിയുടെ ഉടമ കരാഞ്ചിറ ആലപ്പാട് ലോനപ്പൻ സ്റ്റേഷനിൽ ഇരിക്കുകയായിരുന്നു. ആ കമ്പനി ഉടമയുടെ നേരിട്ടുള്ള നിർദ്ദേശാനുസരണം സത്യാഗ്രഹമനുഷ്ഠിച്ച തൊഴിലാളികളുടെ പേരിൽ കൃത്രിമമായി കേസ് ചാർജ് ചെയ്ത് അവരെ കോടതിയിൽ ഹാജരാക്കി. ഇന്ന് അവർക്ക് കോടതിയിൽനിന്നും ജാമ്യമെടുക്കേണ്ടിവന്നിരിക്കുകയാണ്. തികച്ചും തൊഴിലാളിപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ നടന്ന സമരം അതും സമാധാനപരമായി സത്യാഗ്രഹം നടത്താൻപോലും അനുവദിച്ചില്ല. ഇതിലൊക്കെ പോലീസ് ഇടപെടുക എന്നുള്ള ഈ നടപടിക്രമം തികച്ചും അപമാനകരമാണ്, ആക്ഷേപകരമാണ്. ഈ നടപടി തുടരാൻ അനുവദിക്കരുത്. പോലീസ് ഇത്തരം തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നതിന് ഒരു അറുതിയുണ്ടാക്കണം.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർരവി): സർ, അതും ഞാൻ അന്വേഷിക്കുകയുണ്ടായി. ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞത് ഹിന്ദുസ്ഥാൻ ഫൗണ്ടറിയിലെ സമരത്തെക്കുറിച്ചാണ്. ആ ഫാക്ടറി അടച്ചിട്ടിരിക്കുകയാണെന്നാണ് കിട്ടിയ വിവരം. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ കുറെ ദൂരെ ഹിന്ദുസ്ഥാൻ സെയിൽസ് ഏജൻസ് പോർട്ട് കമ്പനി എന്നു പറഞ്ഞ് വേറൊരു കമ്പനിയുണ്ട്. അവിടെ പോയി ആ കമ്പനി പിക്കറിംഗ് നടത്തിയവരെ മാത്രമാണ് നീക്കം ചെയ്തിട്ടുള്ളതെന്നാണ് വിവരം കിട്ടിയിട്ടുള്ളത്. ഈ തൊഴിൽ സമരം പൊളിക്കുന്നതിനുവേണ്ടിയുള്ള ശ്രമമായിരുന്നില്ല. പക്ഷേ പിക്കറിംഗ് ചെയ്തതിന്റെ പേരിൽ അറസ്റ്റ് ചെയ്ത് പെറ്റി കേസ് എടുത്തിട്ടുണ്ടെന്നാണ് അറിഞ്ഞിട്ടുള്ളത്. സത്യാഗ്രഹത്തിന്റെ പേരിലാണ് അറസ്റ്റ് ചെയ്തതെങ്കിൽ ഞാൻ അന്വേഷിക്കാം. സത്യാഗ്രഹത്തിന്റെ പേരിൽ അറസ്റ്റുചെയ്യാൻ പാടില്ല. അങ്ങനെയാണെങ്കിൽ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly